**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 249

20.6.2013 ൽ
മറുപടിയ്ക്ക്

## പൊതുവിതരണ ശൃംഖല ശക്തമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി :<br>ശ്രീമതി. കെ.കെ.ലതിക :<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ:<br>ശ്രീ. സാജുപോൾ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ ; | എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് അപ്പപ്പോൾ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| ബി) വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്നത് പരിശോധിക്കുകയുണ്ടായോ ;എങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുകയുണ്ടായോ ; | ബി) വിലക്കയറ്റം തടയുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ നല്ലൊരളവു വരെ ഫലപ്രദമായിട്ടുണ്ട്. വിപണിയിൽ പെട്രോൾ/ ഡീസൽ എന്നീ ഇന്ധനങ്ങൾക്ക് വില വർദ്ധിക്കുന്നതിനനുസരിച്ച് ഭക്ഷ്യധാന്യങ്ങളുടെ വിലയിലും ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ വിലക്കയറ്റം നല്ലൊരളവു വരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് കാര്യക്ഷമമായ നടപടിയില്ലാത്തത് വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; | സി) കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 301049 പരിശോധനകൾ (എ.ആർ.ഡി/ എ.ഡബ്ല്യു.ഡി/ കെ.ഡബ്ല്യു.ഡി/ പൊതുവിപണി ഉൾപ്പെടെ) നടത്തുകയും 107375 ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾക്കെതിരെ 3,29,70,207 രൂപ പിഴയായി ഈടാക്കുകയും 1,85,05,324 രൂപ സാധനങ്ങളുടെ വിലയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) നാമമാത്രമായി നടക്കുന്ന റെയ്ഡുകളിൽ പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഇടപെട്ട് നിസ്സാര പിഴ ഈടാക്കി വിട്ടുകൊടുക്കുന്നു എന്ന അവസ്ഥ നിലനിൽക്കുന്നുണ്ടോ ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; | ഡി) ഇല്ല. ഉദ്യോഗസ്ഥർ കൃത്യവിലോപം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |

ഇ) പൊതുമാർക്കറ്റിൽ വില കുതിക്കുമ്പോഴും സിവിൽ സപ്ലൈസിന്റെ പൊതുവിതരണ കേന്ദ്രങ്ങളിൽ അവശ്യ വസ്തുക്കൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം മാർക്കറ്റിൽ ഇടപെടുന്നതിന് പ്രത്യേക സഹായം നൽകുകയുണ്ടായോ ;

ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1400 ഓളം വരുന്ന ചില്ലറ വിൽപ്പനശാലകൾ വഴി അരി, പയർ വർഗ്ഗങ്ങൾ, വെളിച്ചെണ്ണ എന്നിവ ഉൾപ്പെടെ 13 ഇനം നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. മട്ട അരി, കുറുവ, ജയ, പച്ചരി എന്നിവ യഥാക്രമം 16, 19, 21, 21 രൂപ എന്നീ വിലയ്ക്കാണ് വിറ്റു വരുന്നത്. കാർഡൊന്നിന് 20 കി. ഗ്രാം വീതം അരി പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പയർ വർഗ്ഗങ്ങളും മറ്റ് ഭക്ഷ്യധാന്യങ്ങളും കാർഡൊന്നിന് മാസം 1 കി.ഗ്രാം നിരക്കിൽ വിതരണം ചെയ്തു വരുന്നു. പഞ്ചസാര പൊതുവിപണിയിൽ ഉള്ളതിനെക്കാളും 10 രൂപ താഴ്ത്തി കാർഡൊന്നിന് 2 കി.ഗ്രാം പ്രകാരം നൽകി വരുന്നു. ഇതിന് പുറമെ പൊതുജന പ്രിയമുള്ള എഫ്.എം.സി.ജി സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 30% വരെ വില താഴ്ത്തി വിതരണം ചെയ്യുന്നുണ്ട്. വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം (2012-13) ബജറ്റ് വിഹിതമായ 50 കോടി രൂപയ്ക്ക് പുറമെ 85 കോടി രൂപ അധികമായി നൽകി.

എഫ്) പൊതുവിതരണ ശൃംഖല ശക്തമാക്കുന്നതിനും വില കുറച്ച് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും കൂടുതൽ ഫണ്ട് നൽകാൻ തയ്യാറാകുമോ ; ഈ ഇനത്തിൽ കോർപ്പറേഷന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ് ?

എഫ്) നടപ്പു സാമ്പത്തിക വർഷം 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ ഫണ്ട് നൽകുന്നതിനായി ഉപധനാഭ്യർത്ഥനയിൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് 2008-13 വരെയുള്ള കാലയളവിൽ 397.21 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്.

Beena

സെക്ഷൻ ഓഫീസർ